കവിത 7

**‘കടലമ്മ’ തിരകൾ അനായാസം കവർന്നെടുക്കുന്ന പേരല്ല**

1

-----

സമുദ്രഗർഭത്തിൽ നിന്ന്

ആകാശത്തേക്കു നീളുന്ന

പൊക്കിൾവള്ളിയിൽ

ചുറ്റിപ്പിണഞ്ഞ അടിവസ്ത്രങ്ങൾ

അവയിൽ ഉപ്പുകാറ്റേറ്റ്

നിറംമങ്ങിയ പൂക്കൾ

ഒച്ചകൾ കുഴഞ്ഞുമറിഞ്ഞ

പകൽച്ചുണ്ടുകളിൽ നിന്ന്

ബീഡി, മീൻ മണങ്ങളെ

വേർതിരിക്കാനാവാതെ

സ്ഥലം കാലിയാക്കുന്ന കാറ്റ്

ഊയലാടുന്ന വള്ളങ്ങൾ

തീരത്തെ കുളിപ്പുരയ്ക്കടുത്തെ

ശീമക്കൊന്നയതിരിലേക്ക്

നടുവിരൽ ചൂണ്ടുന്നു

വടക്കിണിപ്പുറത്തെ പൂഴിമണലിൽ

മന്ത്രിച്ചൂതിയ ചുരുട്ടുനൂലുകൾ

വരിനിന്ന് മുറുക്കിത്തുപ്പുന്ന

കഴുത്തുളുക്കിയ കുടങ്ങൾ

ജലമെന്ന കള്ളിയിൽ

കാലുകുത്താതെകക്കുകളിക്കുന്ന കാക്കകൾ

2

-----

ഞണ്ടുകളൂർന്നു പോയ കുഴികൾ

പൂഴിയിട്ടടയ്ക്കുകയായിരുന്നു ഞാൻ,

മറ്റൊരു കുഴിയിലൂടെ അവ

കയറിവരുമെന്ന വിശ്വാസത്തിൽ

അന്നേരം,

ഇറക്കത്തിൽ സൈക്കിളിനെ

സ്വതന്ത്രമാക്കി വിടുന്ന കുട്ടിയെപ്പോലെ

പക്ഷി തന്റെ ഉടലിനെ

പഞ്ഞിത്തുളാക്കുന്നു

അടിഞ്ഞുനാറുന്ന

കടൽജീവികളുടെ

ശവങ്ങൾക്കു പിറകെ

വിഷപ്പായലുകൾ നമസ്കരിക്കുന്നു

പതിയെ സൂര്യൻ

കടലിൽ പ്രകാശപാത വെട്ടി

കാലിലെ കുഴിനഖത്തിൽ

തിര പതഞ്ഞുതീർന്നു

അലക്കുകല്ലിലെ സോപ്പുപത പോലെ

-----------------------

*- അൻസിഫ് ഏലംകുളം*